# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം15/2803/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 27/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം15/2803/2023 തീയ്യതി: 27/12/2023

## മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-03-2023 മുതൽ 06-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2023 | 15-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2023 | 15-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. വിനോദ് പി.എ, ഓഡിറ്റ് ഓഫീസർ

ശ്രീ. ആലസ്സൻകുട്ടി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അനീത് ബാബു.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുഹ്റാബി. എൻ.എം. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ടിജി തോമസ് | സെക്രട്ടറി | 01-04-2022 | 05-10-2022 |

| | | | |
|---|---|---|---|
| ശ്രീ. ഉണ്ണി. കെ. | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സന്തോഷ്. പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.രഘുനാഥൻ.എ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 30-06-2022 |
| ഡോ.പ്രസീന. ഇ.ആർ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-07-2022 | 31-08-2022 |
| ഡോ.പ്രശാന്ത്. ജി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-09-2022 | 15-12-2022 |
| ഡോ.ജിജി ജോൺ. പി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-12-2022 | 31-03-2023 |
| ശ്രീ. അനിൽകുമാർ. | ഹെഡ് മാസ്റ്റർ | 01-04-2022 | 10-07-2022 |
| ശ്രീമതി. രേഖ. ഇ. | ഹെഡ് മാസ്റ്റർ | 11-07-2022 | 31-03-2023 |
| ഡോ. അർഷദ്. കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 30-11-2022 |
| ഡോ. അർഷദ്. കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-03-2023 | 31-03-2023 |
| ഡോ. ഷിജിൻ.എ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. ജാബിർ. എറത്തൊടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 28-05-2022 |
| ശ്രീ. ഷനൂപ്. എം.ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2022 | 28-07-2022 |
| ശ്രീമതി. കൃഷ്ണേന്ദു. എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 29-07-2022 | 10-03-2023 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 11-03-2023 | 12-03-2023 |
| ശ്രീ. നന്ദകുമാർ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 13-03-2023 | 31-03-2023 |
| ശ്രീ. വിനോദ് കുമാർ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഹഫ്സത്ത് അടാട്ടിൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. സിജിൻ | വി.ഇ.ഒ. മൂന്നിയൂർ സർക്കിൾ | 01-04-2022 | 20-07-2022 |
| ശ്രീമതി. ബിന്ദു. പി. | വി.ഇ.ഒ. മൂന്നിയൂർ സർക്കിൾ | 21-07-2022 | 25-08-2022 |
| ശ്രീ. പ്രശാന്ത് കരിമ്പിൽ | വി.ഇ.ഒ. മൂന്നിയൂർ സർക്കിൾ | 26-08-2022 | 27-11-2022 |
| ശ്രീമതി. സ്മിത | വി.ഇ.ഒ മൂന്നിയൂർ സർക്കിൾ | 28-11-2022 | 31-03-2023 |
| ശ്രീ. സിജിൻ | വി.ഇ.ഒ. വെളിമുക്ക് സർക്കിൾ | 01-04-2022 | 20-07-2022 |
| ശ്രീമതി. ബിന്ദു. പി. | വി.ഇ.ഒ. വെളിമുക്ക് സർക്കിൾ | 21-07-2022 | 31-03-2023 |
| ഡോ. ഫെബിന. കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-12-2022 | 28-02-2023 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 29-05-2022 | 31-05-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല-ഡിപ്രീസിയേഷൻ വർക്ക് ഷീറ്റ് ഹാജരാക്കിയില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-3 |
| 5 | ACR പ്രകാരമുള്ള വരവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സാക്ഷ്യപ്പെടുത്തിയില്ല. | 1-1-5 |
| 7 | ഓഡിറ്റ് റിക്കവറി വരവ് പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയില്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് തുകകളിലെ വ്യത്യാസം | 1-1-8 |
| 10 | അഡ്വാൻസ് തുകകളിലെ വ്യത്യാസം | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക നില | 1-3 |
| 13 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപെൻഷൻ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 21 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ അവലോകനം-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-12 |
| 22 | നമ്പർ ലഭ്യമാകാതെ/അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു-വസ്തു നികുതി നഷ്ടം | 1-13 |
| 23 | തൊഴിൽ നികുതി ഈടാക്കിയില്ല/അപാകതകൾ-9214 രൂപ അടവാക്കി. | 1-14 |
| 24 | ചട്ടപ്രകാരം രജിസ്റ്റർ ചെയ്യാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു. | 1-15 |
| 25 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം | 1-16 |
| 26 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയില്ല. | 1-17 |
| 27 | കെട്ടിടത്തിൽ അനധികൃത നിർമ്മാണങ്ങൾ, വഴി സൗകര്യം അടിസ്ഥാനത്തിലുള്ള നികുതി വർധനവ് ചെയ്തില്ല. | 1-18 |
| 28 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-19 |
| 29 | തുടർ സാക്ഷരത പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-20 |
| 30 | പച്ചക്കറി തൈ വിതരണം -ഞങ്ങളും കൃഷിയിലേക്ക്- പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-21 |
| 31 | മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാക്കിയില്ല. | 1-22 |
| 32 | സ്വകാര്യ പാലിയേറ്റീവ് സ്ഥാപനത്തിന് മരുന്ന് വാങ്ങി നൽകി | 1-23 |
| 33 | അംഗൻവാടികളിലേക്ക് ബേബി ചെയർ, വാട്ടർ ടാങ്ക് വാങ്ങൽ– നടപടിക്രമം പാലിച്ചില്ല | 1-24 |
| 34 | ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. ചെലവ് തുക 53791/- രൂപ തടസ്സം ചെയ്യുന്നു. | 1-25 |
| 35 | എസ്.എസ്.കെ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക 25,00000/- രൂപ തടസ്സം ചെയ്യുന്നു. | 1-26 |

| | | |
|---|---|---|
| 36 | സി.സി.ടി.വി സ്ഥാപിക്കൽ കാര്യാട് കടവ് - സാങ്കേതികാനുമതി ലഭിച്ചതിന്റെ വിവരം ലഭ്യമല്ല | 1-27 |
| 37 | വാട്ടർടാപ്പ്-സംയുക്ത പരിശോധന- തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 38 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ | 1-29 |
| 39 | പഞ്ചായത്ത് ഓഫീസ് താത്കാലിക കെട്ടിടത്തിന് വാടക നൽകിയതിന് ടി.ഡി.എസ് (ജി.എസ്.ടി.) ഈടാക്കിയില്ല. | 1-30 |
| 40 | വൈകി പ്രവൃത്തി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല.98457 രൂപ നഷ്ടം | 1-31 |
| 41 | റോഡ് കോൺക്രീറ്റ് - ഫോം വർക്ക് നടത്താതെ ഫോം വർക്കിനുള്ള പണം നൽകി .36,587 രൂപ നഷ്ടം | 1-32 |
| 42 | മണ്ണ് നീക്കം ചെയ്യുന്നതിന് 22243 രൂപ അധികം ചെലവഴിച്ചു | 1-33 |
| 43 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-അപാകതകൾ | 1-34 |
| 44 | പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റോഡ് കോൺക്രീറ്റ് - ഫോം വർക്ക് നടത്താതെ ഫോം വർക്കിനുള്ള പണം നൽകി .36587 രൂപ നഷ്ടം | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് മൂന്നിയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.07.2023 ലെ 9(2) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 23.09.2023 തീയ്യതിയിൽ പിന്നുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സ്ഥലം : മലപ്പുറം

തീയതി :

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ് ) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല-ഡിപ്രീസിയേഷൻ വർക്ക് ഷീറ്റ് ഹാജരാക്കിയില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.

### 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (-13158190) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (8124786) തുല്യമല്ല.

### 1-1-4 ACR പ്രകാരമുള്ള വരവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർത്ത ഫണ്ടിനങ്ങളിൽ ACR പ്രകാരമുള്ള ചെലവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഫണ്ട് ഇനം | ACR പ്രകാരം | AFS പ്രകാരം(I-6+B-3) |
|---|---|---|---|
| 1 | വികസന ഫണ്ട് ജനറൽ | 28875623 | 29386942 |
| 2 | വികസന ഫണ്ട് SCP | 6451685 | 6069511 |

(മേൽ ഫണ്ടിനങ്ങളിൽ ജി.ഒ പദ്ധതി ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല).

### 1-1-5 ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സാക്ഷ്യപ്പെടുത്തിയില്ല.

ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ യഥാസമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-1-6 ഓഡിറ്റ് റിക്കവറി വരവ് പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2125 രൂപ വാർഷിക കണക്ക് പ്രകാരം വരവുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം 2889 രൂപയാണ് വരവ്.

### 1-1-7 രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയില്ല.

പെർമിറ്റ് രജിസ്റ്റർ, സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ എന്നിവയിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

### 1-1-8 ഡെപ്പോസിറ്റ് തുകകളിലെ വ്യത്യാസം

ചുവടെ ചേർത്ത ഡെപ്പോസിറ്റ് തുകകൾ വാർഷിക കണക്ക്, രജിസ്റ്റർ എന്നിവയിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | മുന്നിരിപ്പ് | | വരവ് | |
|---|---|---|---|---|
| | വാർഷിക കണക്ക് | രജിസ്റ്റർ | വാർഷിക കണക്ക് | രജിസ്റ്റർ |
| Suppliers EMD | 15300 | 12300 | 0 | 3000 |
| Bidders EMD | 28000 | 26000 | 0 | 2000 |

### 1-1-9 അഡ്വാൻസ് തുകകളിലെ വ്യത്യാസം

A) അഡ്വാൻസ് രജിസ്റ്റർ പ്രകാരം Payment Of Royalty Advance ഇനത്തിൽ രജിസ്റ്റർ പ്രകാരം 18631 രൂപയാണ് മുന്നിരിപ്പ്. എന്നാൽ വാർഷിക കണക്ക് പ്രകാരം 2760 രൂപയാണ് മുന്നിരിപ്പ്.

B) രജിസ്റ്റർ പ്രകാരം MGNREGS ന് അഡ്വാൻസ് നൽകിയത് 1242225 രൂപയാണ്. എന്നാൽ വാർഷിക കണക്ക് RP 49 പ്രകാരം ഇത് 1237033 രൂപയാണ്.

(വാർഷിക കണക്കിലെ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.13/2022-23/13.12.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

### 1-2 ബജറ്റ്

| 2022 -23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 4/17-03-2022 | 1/21-03-2023 |

### 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 140329576 |
| വരവ് | 210766559 |
| ആകെ | 351096135 |
| ചെലവ് | 223924749 |
| നീക്കിയിരിപ്പ് | 127171386 |

കുറിപ്പ്:- വരവ് ചെലവ് തുകകൾ കണക്കാക്കിയപ്പോൾ വാർഷിക കണക്കിലെ RP പ്രകാരമുള്ള വരവ്/ചെലവും ബി ഫണ്ട് തുകയും എൻ.ആർ.ഇ.ജി.എസ്. ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയും എ.സി.ആർ. പ്രകാരം CFC Tied/Untied ഒഴികെയുള്ള വരവ്/ചെലവ് തുകകളുമാണ് കണക്കിലെടുത്തത്.

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 32784800 | 32784800 | 28875623 | 3909177 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6782614 | 6782614 | 6451685 | 330929 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -(Untied) | 0 | 8315362 | 8315362 | 7392151 | 923211 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 9514000 | 9514000 | 5309750 | 4204250 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7249000 | 7249000 | 5258799 | 1990201 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 8561000 | 8561000 | 6613705 | 1947295 |
| ബി ഫണ്ട് | 0 | 69423700 | 69423700 | 69423700 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 138449985 | 131 | 79774706 | 0 | 67 | 66.16% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13176 | 924209 | 937385 | 0 | 937385 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17322029 | 17322029 | 17322029 | 0 |

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2251200 | 1626 |
| വിധവാപെൻഷൻ | 20854900 | 15013 |
| വാർദ്ധക്യകാലപെൻഷൻ | 37450000 | 27668 |
| വികലാംഗപെൻഷൻ | 7825200 | 5631 |
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 862400 | 619 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2023 ന് 10.44 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1442/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ് ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2022 | 06/2022 മുതൽ 10/2022 വരെ | 16.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2019 മുതൽ 15.07.2019 വരെ | 1997-1998 മുതൽ 2005-2006 വരെ | 05.10.2019 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി മുന്നിയൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെയും പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെയും നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 14 തവണയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നത്. ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കാതെ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളിൽ നിന്നും ആയവ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനോ വസ്തു നികുതി ഈടാക്കുന്നതിനോ പുതിയ തനത് വരുമാന മേഖലകൾ കണ്ടെത്തുന്നതിനോ സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ ഒന്നും തന്നെ യോഗങ്ങളിൽ മുന്നോട്ട് വെച്ചിട്ടില്ല.

ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം പത്താം തിയതിക്കകം തന്നെ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കേണ്ടതുണ്ട്. എന്നാൽ വരവ് ചെലവ് കണക്കുകൾ മിനുട്സിൽ രേഖപ്പെടുത്താത്തതും (09.02.2023, 17.03.2023) നിശ്ചിത തിയതിക്കകം ആയത് അംഗീകരിക്കാത്തതായും ഉണ്ട്.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

**വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുന്നിയൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തി അന്തിമ വിജ്ഞാപനം 21.09.2023ലെ എ5-4418/2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 30.06.2023 ലെ എ5-4418/2023നമ്പർ നോട്ടീസ് പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഓരോ കെട്ടിട വിഭാഗത്തിന്റേയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്യേണ്ടത്. ഇത് പ്രകാരം ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും നിശ്ചയിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ (സ.ഉ.(അച്ചടി) നം.25/2023/LSGD തീയതി.05.04.2023) ഏറ്റവും കുറഞ്ഞതും നേരിയ വർദ്ധനവ് ചെയ്തതും ഉൾപ്പടെയുള്ള നിരക്കുകൾ നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള പഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനമോ നോട്ടീസോ പരസ്യപ്പെടുത്തിയിട്ടില്ല. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടതും ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മേഖല വിഭജനം, റോഡുകളുടെ തരംതിരിവ് എന്നിവ സംബന്ധിച്ച വിജ്ഞാപനം, വസ്തു നികുതി അന്തിമ വിജ്ഞാപനത്തിന്റെ കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്

4). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പാലിക്കപ്പെട്ടില്ല.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ

നേരിട്ടോ അറിയിക്കാവുന്നതാണ്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1919 അപേക്ഷകളിൽ നിലവിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ആയത് പാലിക്കപ്പെട്ടിട്ടില്ല.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

മുന്നിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

**കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്.**

മുന്നിയൂർ ഗ്രാമപഞ്ചായത്തിലുള്ള കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഇല്ല.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക കണക്ക്/ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം തൊഴിൽ നികുതി ട്രേഡേഴ്സ് ഇനത്തിൽ തൻവർഷത്തേക്ക് ആകെ 618180 രൂപയാണ് വരവ്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 623 സ്ഥാപനങ്ങളും, ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 539 സ്ഥാപനങ്ങളുമുണ്ട്. എന്നാൽ ഇത് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിലും ഒരു തൊഴിലാളിയെങ്കിലും ഉണ്ടായിരിക്കുമെങ്കിലും ഇത്തരം എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

**ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തേക്ക് 539 സ്ഥാപനങ്ങളിൽ നിന്നായി ആകെ 274700/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 623 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട് എന്നതിനാൽ തന്നെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല എന്നും ലൈസൻസ് ഫീസ് ഇനത്തിൽ കൃത്യമായ വരവ് ലഭ്യമായിട്ടില്ല എന്നുമാണ് വ്യക്തമാകുന്നത്. ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ

സ്വീകരിച്ച് ലൈസൻസ് ഫീസ് ഇനത്തിൽ പൂർണ്ണമായ വരവ് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

**കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/ക്രമവൽക്കരണ ഫീസ്**

പെർമിറ്റ് ഫീസ് ഇനത്തിൽ 481995/- രൂപയും ക്രമവൽക്കരണ ഫീസ് ഇനത്തിൽ 805029/- രൂപയുമാണ് ഓഡിറ്റ് വർഷത്തിൽ വരവ് ലഭ്യമായിട്ടുള്ളത്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമപ്രകാരമാക്കാവുന്നതും ക്രമവൽക്കരണ ഫീസ് ഇനത്തിൽ വരവ് ലഭ്യമാക്കാവുന്നതുമാണെന്നിരിക്കെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ച് കാണുന്നില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി പാർപ്പിട കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളുടെ സംഗതികളിൽ ഒക്കുപ്പൻസി/നമ്പർ അനുവദിച്ച് രണ്ട് വർഷത്തിനുള്ളിൽ പോസ്റ്റ് ഓഡിറ്റ് നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഇപ്രകാരം കെട്ടിടങ്ങളുടെ പോസ്റ്റ് ഓഡിറ്റ് നടത്തിയതായി കാണുന്നില്ല. അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

**വാടക**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ പരിശീലന കേന്ദ്രം തെളിമ ഫുഡ്സ്-ന് വാടകക്ക് നൽകിയ ഇനത്തിൽ തൻവർഷത്തിൽ 11000/- രൂപ വരവ് ലഭ്യമായിട്ടുണ്ട്. വാടക തുകയിൽ വാർഷിക വർദ്ധനവ് ചെയ്ത് വരവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 09/2022-23/12.12.2023ലെ ലൈസൻസ് എണ്ണം കുറഞ്ഞത് സംബന്ധിച്ച പരാമർശത്തിന് നാഷനൽ ഹൈവേ വികസനത്തിന്റെ ഭാഗമായി കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയതിനാലാണ് എന്ന് മറുപടി ലഭ്യമാക്കി.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ അവലോകനം- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകൾ (മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം) ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) വൗച്ചർ നമ്പർ/ബിൽ നമ്പർ | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|
| 1 | 129/14 കുഴിമ്പാട്ട് എസ് സി കോളനി ലൈൻ വലിക്കലും വൈദ്യുതീകരണവും | 2013-14 | കെ എസ് ഇ ബി | 573/13-14/25.10.13 ₹121114/- | ഇല്ല. | 121114 |
| 2 | 158/14 കിഴക്കംപാടം വൈദ്യുതി ലൈൻ നീട്ടൽ | 2013-14 | കെ എസ് ഇ ബി | 837/13-14/21.01.14 ₹288500 | ഇല്ല. | 288500 |
| 3 | 157/14 പട്ടശ്ശേരി വയലിൽ വൈദ്യുതി ലൈൻ സ്ഥാപിക്കൽ | 2013-14 | കെ എസ് ഇ ബി | 836/13-14/21.01.14 ₹105892<br>931/13-14/22.02.14 ₹300 | ഇല്ല. | 106192 |
| 4 | 156/14 അംഗൻവാടി വൈദ്യുതീകരണം വൈദ്യുതി ലൈൻ വലിക്കൽ | 2013-14 | കെ എസ് ഇ ബി | 994/13-14 /04.03.14 ₹116368 | ഇല്ല. | 116368 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 122/14 തറയം കണ്ടം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2013-14 | കേരള വാട്ടർ അതോറിറ്റി | 569/13-14/25.10.13 ₹390000 | ഇല്ല. | 390000 |
| 6 | 123/14 തറയം കണ്ടം മുതൽ ഭജനമഠംവരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2013-14 | കേരള വാട്ടർ അതോറിറ്റി | 571/13-14/25.10.13 ₹360000 | ഇല്ല. | 360000 |
| 7 | 125/14 ചേനത്തടം എസ് സി കോളനിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2013-14 | കേരള വാട്ടർ അതോറിറ്റി | 572/13-14/25.10.13 ₹260000 | ഇല്ല. | 260000 |
| 8 | 117/14 പൊന്നാശ്ശേരി ഏരിയ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2013-14 | കേരള വാട്ടർ അതോറിറ്റി | 574/13-14/25.10.13 ₹360000 | ഇല്ല. | 360000 |
| 9 | 115/14 പടിക്കൽ പമ്പ്ഹൗസ് മുതൽ പാറമ്മൽ വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2013-14 | കേരള വാട്ടർ അതോറിറ്റി | 575/13-14/25.10.13 ₹ | ഇല്ല. | 450000 |
| 10 | 124/14 ചക്കുങ്ങൽ എസ് സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 2013-14 | കേരള വാട്ടർ അതോറിറ്റി | 580/13-14/25.10.13 ₹150000 | ഇല്ല. | 150000 |
| 11 | 127/14 കറുത്തേടത്ത് എസ് സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 2013-14 | കേരള വാട്ടർ അതോറിറ്റി | 638/13-14/12.11.13 ₹600000 | | 600000 |
| 12 | 126/14 വലിയചാലി എസ് സി കോളനി കുഴൽ കിണർ നിർമ്മാണം | 2013-14 | കേരള വാട്ടർ അതോറിറ്റി | 570/13-14/25.10.14 ₹48195 | | 48195 |
| 13 | 20/14 കുണ്ടൻ കടവ് കുഴൽ കിണർ നിർമ്മാണം | 2013-14 | കേരള വാട്ടർ അതോറിറ്റി | 570/13-14/25.10.14 ₹73232 | | 73232 |
| 14 | 128/14 25 സെന്റ് കോളനി കുഴൽകിണർ നിർമ്മാണം | 2013-14 | കേരള വാട്ടർ അതോറിറ്റി | 570/13-14/25.10.14 ₹ 73232 | | 73232 |
| 15 | 118/14 ബാറ്റൂട്ടിൽ ഏരിയ കുഴൽ കിണർ നിർമ്മാണം | 2013-14 | കേരള വാട്ടർ അതോറിറ്റി | 570/13-14/25.10.14 ₹77012 | | 77012 |
| 16 | 19/14 കുനൻ കണ്ടി കുഴൽ കിണർ നിർമ്മാണം | 2013-14 | കേരള വാട്ടർ അതോറിറ്റി | 570/13-14/25.10.14 ₹46305 | | 46305 |
| 17 | വെളിമുക്ക് കറുപ്പത്ത് റോഡിലെ ഇലകിടിക് പോസ്റ്റുകൾ മാറ്റൽ | 2013-14 | കെ.എസ്.ഇ.ബി. | 1096/13-14/17.03.14 ₹19767 | | 19767 |
| 18 | 114/15 കൊട്ടാരംവീട് കുഴിമ്പാട്ടപ്പാലം KWA പൈപ്പ് ലൈൻ നീട്ടൽ | 2014-15 | കേരള വാട്ടർ അതോറിറ്റി | 579/14-15/ 20.11.14 ₹500000 | | 500000 |
| 19 | 115/15 തച്ചറക്കൽ കോളനി KWA പൈപ്പ് ലൈൻ നീട്ടൽ | 2014-15 | കേരള വാട്ടർ അതോറിറ്റി | 580/14-15/ 20.11.14 ₹1000000 | | 1000000 |
| 20 | 230/15 ചെനാത്ത് പട്ടികജാതി സെറ്റിൽമെന്റ് ഏരിയ KWA പൈപ്പ് ലൈൻ നീട്ടൽ | 2014-15 | കേരള വാട്ടർ അതോറിറ്റി | 1012/14-15/23.03.15 ₹80000 | | 80000 |

| | | | | | | |
|---|---|---|---|---|---|---|
| 21 | 231/15 പത്തൂര് എസ് സി കോളനി KWA പൈപ്പ് ലൈൻ നീട്ടൽ | 2014-15 | കേരള വാട്ടർ അതോറിറ്റി | 1014/14-15/ 23.03.15 ₹140000 | | 140000 |
| 22 | എരഞ്ഞിക്കൽ റോഡ് വാർഡ്11, തെക്കേപ്പാടം വാക്കത്തൊടിക റോഡ് വാർഡ്10 എന്നിവയിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് | 2014-15 | കെ.എസ്.ഇ.ബി. | 1069/14-15/ 31.03.15 ₹29954 | | 29954 |
| 23 | 161/20 എറക്കണ്ടം അരീക്കാട്ടു പറമ്പ് ഭാഗത്തേക്ക് കാർഷികാവശ്യത്തിനായി വൈദ്യുതിലൈൻ നീട്ടൽ | 2019-20 | കെ.എസ്.ഇ.ബി. | വൗച്ചർ നമ്പർ 21901229/17.03.2020 ₹80385 | | 80385 |
| 24 | 166/20 കിഴക്കുമ്പാടം വൈദ്യുതലൈൻ നീട്ടൽ | 2019-20 | കെ.എസ്.ഇ.ബി. | വൗച്ചർ നമ്പർ 21901230/17.03.2020 ₹60000 | | 60000 |
| 25 | 248/20 പീലത്തിൽ തോട് വിസിബി അറ്റകുറ്റപ്പണി | 2019-20 | മൈനർ ഇറിഗേഷൻ | വൗച്ചർ നമ്പർ 21901246/19.03.2020 ₹429000 | | 429000 |
| 26 | 129/21 മണ്ണൂട്ടാംപാറ ലോക്ക് നിലവിലെ ഓപ്പറേറ്റിംഗ് യൂണിറ്റ് മോട്ടോറൈസ് ചെയ്യൽ | 2020-21 | മൈനർ ഇറിഗേഷൻ | ബിൽ മ്പർ 02/20-21 /29.05.20<br>36,00,000/-<br>ബിൽ മ്പർ 33/20-21 /18.03.21<br>1,20,000 | | 3720000 |
| 27 | 130/21 മൂഴിക്കൽ തോട് വി സി ബി അറ്റകുറ്റപ്പണി വിഹിതം നൽകൽ | 2020-21 | മൈനർ ഇറിഗേഷൻ | ബിൽ മ്പർ 31/20-21 /18.03.21<br>19,00,000/- | | 19,00,000/- |
| 28 | 248/20 പീലത്തിൻ തോട് വിസിബി അറ്റകുറ്റപ്പണി | 2020-21 | മൈനർ ഇറിഗേഷൻ | ബിൽ മ്പർ 01/20-21 /01.06.20<br>4,41,000/- | | 4,41,000/- |
| 29 | 220/22 – ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - KSEB യ്ക്ക് തുക നൽകൽ | 2021-22 | കെ.എസ്.ഇ.ബി | വൗച്ചർ 22100952, തീ.30.03.22 ₹1,47,107 | | 1,47,107 |
| | **ആകെ** | | | | | **1,20,67,363** |

മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകളിൻമേൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 1/2022-23 തീയതി. 07.12.2023) മറുപടി നൽകുകയോ രേഖകൾ/ തൽസ്ഥിതി വിശദാംശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ചെലവഴിക്കപ്പെട്ട തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാത്ത തുകയിൽ തനത് ഫണ്ട് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്കും മറ്റു ഫണ്ടുകൾ അതത് ശീർഷകങ്ങളിലും തിരിച്ചടക്കേണ്ടതാണ്.

## 1-13 നമ്പർ ലഭ്യമാകാതെ/അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു-വസ്തു നികുതി നഷ്ടം

2022-23 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി അടവ് വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണവും നിലവിൽ

ഗ്രാമപഞ്ചായത്ത് നമ്പർ അനുദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെയും വിവരങ്ങൾ പരിശോധിച്ചു.

ലഭ്യമാക്കിയ പെർമിറ്റ് രജിസറ്ററുകൾ പ്രകാരം 2020-21 മുതൽ 2022-23 വരെ അനുവദിച്ച 8 പെർമിറ്റുകളിൽ, 5 വാർത്താ വിനിമയ ഗോപുരങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. ബാക്കി 3 എണ്ണം നിലവിൽ പെർമിറ്റ് അനുവദിച്ചുവെങ്കിലും നമ്പർ അനുവദിക്കാത്തതായും ഉണ്ട്. പെർമിറ്റ് അനുവദിച്ച് വർഷങ്ങളായിട്ടും ടി ടവർ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ നിർമ്മാണം നടക്കുകയാണോ എന്നത് നിജസ്ഥിതി അറിയുന്നതിന് ടി ടവറുകൾ സ്ഥിതി ചെയ്യുന്ന സൈറ്റുകൾ 14.12.2023ന് ഗ്രാമപഞ്ചായത്തിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നേരിട്ട് പരിശോധിക്കുകയുണ്ടായി. ടവറുകളുടെ രജിസ്റ്റർ പ്രകാരമുള്ളതും പരിശോധനയിൽ കണ്ടെത്തിയതുമായി വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. ഗ്രാമപഞ്ചായത്ത് ഫയൽ ലഭ്യമാക്കുകയോ നമ്പറോ പെർമിറ്റോ അനുവദിച്ചതായി അറിയിക്കുകയോ ചെയ്യാത്ത ഒരു ടെലഫോൺ ടവർ പ്രവർത്തിക്കുന്നതായി കണ്ടെത്തിയതിനാൽ ആയത് ക്രമ നം.4 ആയി ചേർത്തിട്ടുണ്ട്.

<table>
<tr><th>ക്രമ നം</th><th>രജിസ്റ്ററിലെ ക്രമ നം.</th><th>പെർമിറ്റ് നം, അപേക്ഷകന്റെ/കമ്പനി പേര്</th><th>നിലവിലെ അവസ്ഥ, അപാകത</th><th>സ്ഥല പരിശോധനയിലെ കണ്ടെത്തൽ/ അപാകതകൾ</th></tr>
<tr><td>1</td><td>474/2021-22</td><td>A5-4382/21/13.07.21<br>വാർഡ് - 16<br>സ. നം. -362/3-4.<br>സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ .</td><td>12.07.22ന് പെർമിറ്റ് കാലാവധി അവസാനിച്ചിട്ടുണ്ട്. 15.09.23ന് കംപ്ലീഷൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നാളിതുവരെ നമ്പർ അനുവദിച്ചിട്ടില്ല.</td><td rowspan="3">1) ഈ ടവറുകൾ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br>2) ടവറുകളുടെ വൈദ്യുതി മീറ്റർ, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്.<br>3)നിർമ്മിതികൾക്ക് കാലപ്പഴക്കമുള്ളതായി വ്യക്തമാകുന്നുണ്ട്.</td></tr>
<tr><td>2</td><td>765/2021-22</td><td>A5-8423/21/21.12.21<br>വാർഡ് - 4<br>സ. നം. -104/9.<br>സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ .</td><td>20.12.22ന് പെർമിറ്റ് കാലാവധി അവസാനിച്ചിട്ടുണ്ട്. 15.09.23ന് കംപ്ലീഷൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നാളിതുവരെ നമ്പർ അനുവദിച്ചിട്ടില്ല.</td></tr>
<tr><td>3</td><td>798/2021-22</td><td>A5-8905/21/10.12.21<br>വാർഡ് - 8<br>സ. നം. -583/39.<br>സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ .</td><td>09.12.22ന് പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും നാളിതുവരെ കംപ്ലീഷൻ അറിയിക്കുകയോ നമ്പർ അനുവദിക്കുകയോ ചെയ്തിട്ടില്ല.</td></tr>
<tr><td>4</td><td colspan="3">ടവർ നിർമ്മാണം/പെർമിറ്റ്/അപേക്ഷ സംബന്ധിച്ച ഫയൽ ലഭ്യമായിട്ടില്ല.</td><td>ക്രമ നം. 1 ടവർ സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ നിന്നും ഏകദേശം 200 മീറ്റർ മാറിയും, 16/87 കെട്ടിടനമ്പറിലുള്ള വീടിന്റെ മുന്നിലൂടെയുള്ള ടാർ ചെയ്ത റോഡിന്റെ മറുവശത്തുമായി മറ്റൊരു പ്ലോട്ടിൽ ഇലക്ട്രിക് പോസ്റ്റ് നം. TP/MK16/15 ന്റെ സമീപത്തായി ഇൻഡസ് ടവേഴ്സ് പേര് രേഖപ്പെടുത്തിയ മൊബൈൽ ടവർ നിർമ്മാണം പൂർത്തീകരിച്ച് വൈദ്യുതി മീറ്റർ, ജനറേറ്റർ ഉൾപ്പടെ ടവർ പ്രവർത്തിച്ച് വരുന്നുണ്ട്. ടവറിന് ചുറ്റുമതിലോ വേലിയോ</td></tr>
</table>

| | | |
|---|---|---|
| | | സ്ഥാപിച്ചിട്ടില്ല. |

ടെലഫോൺ ടവറുകളുടെ അനധികൃത നിർമ്മാണവും നമ്പർ ലഭ്യമാകാതെ/നികുതി അടവാക്കാതെ പ്രവർത്തിക്കുന്നതും കണ്ടെത്തുന്നതിന് പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ച് കൊണ്ട് 2014ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ ഉള്ളതും, പെർമിറ്റ് അനുവദിച്ചെങ്കിലും കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകാതെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള വിവിധ മൊബൈൽ ടവറുകൾ വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നതായി അറിയുന്നതായും ഇത് ഗ്രാമപഞ്ചായത്തുകൾക്ക് വലിയ റവന്യൂ നഷ്ടം വരുത്തുന്നതായും ഇത്തരം ടവറുകളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് അടിന്തിരമായി ലഭ്യമാക്കി ടവറുകൾ പ്രവർത്തനം ആരംഭിച്ചത് മുതലുള്ള വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് അസി. ഡയറക്ടർ- മലപ്പുറം, സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളോടും 09.11.2022ന് ഇ മെയിൽ മുഖേന നിർദ്ദേശിച്ചിട്ടുള്ളതുമാണ്. മൊബൈൽ ടവറുകൾ നമ്പർ ലഭ്യമാകാതെയും അനധികൃതമായും പ്രവർത്തിക്കുന്നത് ചട്ടലംഘനത്തോടൊപ്പം ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വസ്തുനികുതി വരവ് നഷ്ടത്തിനും കാരണമാകുന്നതാണ്.

മേൽ പട്ടികയിലെ മൊബൈൽ ടവറുകൾ സംബന്ധിച്ച് ചുവടെ ചേർത്ത അപാകതകൾക്ക് മറുപടി/ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1) ക്രമ നം. 1, 2 എന്നീ ടവറുകൾ പെർമിറ്റ് കാലാവധി അവസാനിച്ചതിനാലും പ്രവർത്തിച്ച് വരുന്നതിനാലും കംപ്ലീഷൻ അപേക്ഷയിൽ സത്വര നടപടികൾ സ്വീകരിച്ച് പെർമിറ്റ്/ക്രമവൽക്കരണ ഫീസ് ഈടാക്കി എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് പരിശോധിച്ച് അന്ന് മുതലുള്ള വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2) പെർമിറ്റ് ലഭ്യമായ ശേഷം നിർമ്മാണം പൂർത്തീകരിച്ചതായി അറിയിക്കാതെ/നമ്പർ ലഭ്യമാകാതെ പ്രവർത്തിച്ച് വരുന്ന ക്രമ നം. 3 ടവർ പെർമിറ്റ്/ക്രമവൽക്കരണ ഫീസ് ഈടാക്കി എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് പരിശോധിച്ച് അന്ന് മുതലുള്ള വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിൽ നിശ്ചിത ഫോമിലുള്ള ഇന്റിമേഷൻ നൽകുകയോ പെർമിറ്റോ നമ്പറോ ലഭ്യമാകുകയോ ചെയ്യാതെ പ്രവർത്തിച്ച് വരുന്ന ക്രമ നം.4 ടവർ അനധികൃത നിർമ്മാണമായി കണക്കാക്കി വസ്തു നികുതി ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള മൂന്ന് ഇരട്ടി വസ്തു നികുതി ഈടാക്കി UA നമ്പർ നൽകി/ക്രമവൽക്കരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

(അപാകതകൾ സ്ഥല പരിശോധന റിപ്പോർട്ടിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല)

## 1-14 തൊഴിൽ നികുതി ഈടാക്കിയില്ല/അപാകതകൾ-9214 രൂപ അടവാക്കി.

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ, സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായിട്ടുണ്ട് എന്ന് കണ്ടെത്തി. സർക്കാർ/ഗ്രാമപഞ്ചായത്ത് ഫണ്ടുപയോഗിച്ച് വേതനം അനുവദിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു തന്നെ യഥാസമയം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നത് ഗൗരവതരമായ വീഴ്ചയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) പി.എച്ച്.സി-മുന്നിയൂരിലെ താത്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

ലഭ്യമാക്കിയ അറ്റന്റൻസ് രജിസ്റ്റർ പ്രകാരം മുന്നിയൂർ പി.എച്ച്.സി-യിൽ ചുവടെ ചേർത്ത ആളുകൾ, NHM/താത്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ 2022-23ൽ ജോലി ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ എന്നിവ പ്രകാരം ടി ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതികൾ യഥാസമയം ഈടാക്കിയിട്ടില്ല.

| ക്രമ നം | ജീവനക്കാരിയുടെ പേര്, തസ്തിക | ജോലി ചെയ്ത കാലയളവ് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | ഡോ. നജ്മത്ത്, ഡോക്ടർ | 04/2022 - 03/2023 | I, II |
| 2 | ശ്രീമതി. റാഷിദ ടി.കെ, ഫാർമസിസ്റ്റ് | 04/2022 - 03/2023 | I, II |
| 3 | ശ്രീമതി. മുംതാസ്, RBSK നഴ്സ് | 04/2022 - 03/2023 | I, II |
| 4 | ശ്രീമതി. തനൂജ ജെ, MLSP | 07/2022 - 10/2023 | I |
| 5 | ശ്രീമതി. ആരതി കെ.ആർ, MLHP | 12/2022 - 03/2023 | II |
| 6 | ശ്രീമതി. നീതു വിജയൻ, MLHP | 12/2022 - 02/2023 | II |
| 7 | ശ്രീമതി. ഹർഷ എൻ, MLHP | 12/2022 - 03/2023 | II |

| | | | |
|---|---|---|---|
| 8 | ശ്രീമതി. രശ്മി ആർ രഘു, MLHP | 12/2022 - 02/2023 | II |

**II)** ചുവടെ ചേർത്ത ജീവനക്കാർ വിരമിച്ച/രാജിവെച്ച/ശൂന്യവേതനാവധിയിൽ പോയ തിയ്യതി പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 60 ദിവസം ജോലി ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇവരിൽ നിന്ന് ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ തസ്തിക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, സ്ഥാപനം | വിശദാംശം/ കുറിപ്പ് |
|---|---|---|
| 1 | ശ്രീമതി. ലത്തീഫ കെ, AUPS വെളിമുക്ക് | 11.10.2022ന് മുതലാണ് LWA എടുത്തത്. രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല. |
| 2 | ശ്രീ. ബിജു കെ.സി, മുന്നിയൂർ ഹൈസ്കൂൾ | റിട്ടയർ ചെയ്ത തിയതി 09.09.2023 ആണ് രേഖപ്പെടുത്തിയത്.<br>ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല. |
| 3 | ശ്രീ. അനിൽ, സെയിൽസ് മാൻ, സീ.പീ മാർബിൾസ് | റിസൈൻ ചെയ്ത തിയതി31.10.2022 ആണ്.<br>ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല. |

**III) നിരവധി** സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അതാത് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതികൾ ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഈടാക്കാത്തതിന് കാരണം രേഖപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാരുടെ അർദ്ധ വാർഷിക ശമ്പളം കൃത്യമായി രേഖപ്പെടുത്തുകയോ ജീവനക്കാരുടെ തസ്തിക രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

ഉദാഹരണം: (1) സർക്കാർ പോളി ടെക്നിക് കോളേജ് തിരൂരങ്ങാടി- വിവരങ്ങൾ രജിസ്റ്ററിൽ ഇല്ല.

(2) സൈനബ, ഹുസൈൻ, അബ്ദുള്ള..etc. മുന്നിയൂർ നഴ്സിംഗ് ഹോം- ലീവ് തിയതി രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 04/2022-23/11.12.2023 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം. I പ്രകാരമുള്ള, മുന്നിയൂർ പി.എച്ച്.സി-യിലെ 8 ജീവനക്കാരിൽ നിന്നുമായി ആകെ 9214/- രൂപ 14.12.2023ലെ വിവിധ രസീതുകൾ പ്രകാരം അടവാക്കിയതായി അറിയിച്ചതിൽ ആയത് പരിശോധിച്ച് ബോധ്യപ്പെട്ടു. എന്നാൽ II, III അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഈടാക്കാനവശേഷിക്കുന്ന തൊഴിൽ നികുതികൾ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-15 ചട്ടപ്രകാരം രജിസ്റ്റർ ചെയ്യാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു.

1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം, പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ചതും പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്യാത്തതുമായ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ | സ്ഥാപനം, ഉടമ,കെട്ടിട നമ്പർ |
|---|---|---|
| 1 | 82/22-23 | ആസ്റ്റർ ഡെന്റൽ ക്ലിനിക്, ഡോ. മുർഷിദ വി, 9/519, 520 |
| 2 | 236/22-23 | വൈറ്റ് ഫാമിലി ഡെന്റൽ കെയർ, സ്വാതി പി, 20/139P |
| 3 | 263/22-23 | അൽസഫ ഡെന്റൽ ക്ലിനിക്, ഡോ.അബൂബക്കർ, 5/529F |
| 4 | 353/22-23 | മലബാർ ദന്താശുപത്രി, ഡോ. സഭീഷ് ശിവദാസ്, 3/565 |
| 5 | 362/22-23 | മെഡിക്കൽ ലാബ്, മുഹമ്മദ് അഫ്സൽ, 5/529 I, J |
| 6 | 409/22-23 | സുരക്ഷ ഡെന്റൽ ക്ലിനിക്, ഡോ. ദീപ ഹരീഷ്, 4/733 A |

മേൽ സ്ഥാപനങ്ങൾ 1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 05/2022-23/11.12.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി രജിസ്റ്റർ ചെയ്ത് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ചുവടെ പട്ടികയിൽ ചേർത്ത ലൈസൻസ് അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

വിവിധ കെട്ടിട നമ്പറുകളിലായി ആകെ 200 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണം കെട്ടിടത്തിലാണ് ഹൈപ്പർ/സൂപ്പർ മാർക്കറ്റിന് ലൈസൻസ് അനുവദിച്ചത്. ലൈസൻസ് അനുവദിച്ച കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ, 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ. വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 60 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലാണ് ലൈസൻസുകൾ അനുവദിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 90 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതി നഷ്ടവും സംഭവിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നം, ലൈസൻസ് നേടിയ വ്യക്തി | സ്ഥാപനത്തിന്റെ പേര്, പ്രവർത്തനം | വാർഡ്/കെട്ടിട നമ്പർ , തരം, ആകെ വിസ്തീർണ്ണം | സഞ്ചയ പ്രകാരം നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി, കുറവ് വന്ന നികുതി തുക, കുറവ് വന്ന തുക. |
|---|---|---|---|---|
| 283/2022-23, ശ്രീ.അബ്ദുറഹിമാൻ പൊറോളി. | ജി.ഡി.എസ് ഹൈപ്പർ മാർട്ട്, ഹൈപ്പർ/സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | 4/848 A,B, 4/849 മുതൽ 4/862 വരെ (852,53 ഒഴികെ), 4/893 മുതൽ 4/917 വരെ. ആകെ 799.1 ച.മീ. വിസ്തീർണ്ണം | 799.1x60= 47946/- | 799.1x90=71919. അടിസ്ഥാന നികുതി വ്യത്യാസം: 71919-47946=23973/- |

മേൽ പട്ടിക പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ തന്നെ ആകെ 23973/- രൂപ നികുതി നഷ്ടം സംഭവിക്കുന്നുണ്ട്. മേൽ കെട്ടിടങ്ങളിലെ തന്നെ മുകളിൽ പരാമർശിക്കാത്ത കടമുറികളിൽ മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതും പരിശോധിക്കേണ്ടതുണ്ട്. അപ്രകാരമെങ്കിൽ ആയത്തിന്റെ കൂടി നികുതി പുതുക്കി നിർണ്ണയിക്കേണ്ടതായി വരുന്നതാണ്. അപാകത സൂചിപ്പിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 06/2022-23/11.12.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് നഷ്ടതുക സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ

674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തതായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കാണുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തതായി ലൈസൻസ്/തൊഴിൽ നികുതി രജിസ്റ്ററിൽ ഇല്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ പ്രവർത്തിക്കുന്നില്ല എങ്കിൽ അക്കാര്യം വ്യക്തമാക്കേണ്ടതും അല്ലായെങ്കിൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽനികുതിയും ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 07/2022-23/11.12.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-18 കെട്ടിടത്തിൽ അനധികൃത നിർമ്മാണങ്ങൾ, വഴി സൗകര്യം അടിസ്ഥാനത്തിലുള്ള നികുതി വർധനവ് ചെയ്തില്ല.

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | ശ്രീ. ചോലക്കൽ മൊയ്തീൻ കുട്ടി |
| സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തരം | വാണിജ്യാവശ്യത്തിനുള്ള 200m2 മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ഷോപ്പിംഗ് മാളുകൾ |
| കംപ്ലീഷൻ/നികുതി നിർണ്ണയിച്ച ആകെ വിസ്തീർണ്ണം, കെട്ടിട നമ്പറുകൾ | 647.87 M2, 4/754A മുതൽ Z വരെ. |
| കാർ പാർക്കിംഗ് സൗകര്യം | പ്ലാൻ പ്രകാരം ആകെ ഫ്ലോർ ഏരിയ 615.13 ആണ്. ഇത് പ്രകാരം 615.13/90=6.8 Say 7 കാർ പാർക്കിംഗ് സൗകര്യം അംഗീകൃത പാർക്കിംഗ് പ്ലാനിൽ ഒരുക്കിയിട്ടുണ്ട്. |

മേൽ കെട്ടിടത്തിന്റെ നമ്പറിംഗ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിലും, ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെയും മൊബൈൽ ടവറുകളുടെയും ഫീൽഡ് പരിശോധനയുടെ കൂടെ ടി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലവും ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 14.12.23ന് ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അംഗീകൃത പ്ലാൻ, നികുതി നിർണ്ണയിക്കപ്പെട്ട വിസ്തീർണ്ണം എന്നിവ പ്രകാരം താഴത്തെ നിലയിൽ ഒഴിവായി രേഖപ്പെടുത്തിയ ഭാഗം 7.63x4.83 = 36.85ച.മീ. വിസ്തീർണ്ണത്തിൽ ഗ്ലാസ് കൊണ്ടും മറ്റും അടച്ചുറപ്പാക്കി കടമുറികളാക്കി മാറ്റിയിട്ടുണ്ട്.

2) പാർക്കിംഗ് പ്ലാൻ പ്രകാരം കെട്ടിടത്തിന് ആവശ്യമായ 7 കാർ പാർക്കിംഗിൽ രണ്ടെണ്ണം താഴത്തെ നിലയിൽ കിഴക്ക് ഭാഗത്ത് ഒരുക്കിയിരുന്നതാണ്. എന്നാൽ നിലവിൽ ഈ രണ്ട് എണ്ണം കാർ പാർക്കിംഗുകൾ കടമുറികളാക്കി മാറ്റിയിട്ടുണ്ട്.

3) കെട്ടിടത്തിന്റെ കിഴക്ക് ഭാഗത്ത് സെറ്റ് ബാക്ക് അംഗീകൃത പ്ലാൻ പ്രകാരം 1.00 മീറ്ററാണ്. എന്നാൽ യഥാർത്ഥത്തിൽ 80 സെന്റീ മീറ്റർ മാത്രമാണ് സെറ്റ് ബാക്ക് ഉള്ളത്.

4) ക്രമ നം.1 പ്രകാരം അധികമായി നിർമ്മിച്ച 36.85 ച.മീ കൂടി ചേരുമ്പോൾ കെട്ടിടത്തിന് ഒരു കാർ പാർക്കിംഗ് കൂടി അധികം വേണ്ടി വരുന്നതും, ക്രമ നം 2 പ്രകാരം കുറവ് വന്ന രണ്ട് പാർക്കിംഗ് കഴിച്ചാൽ നിലവിൽ ആകെ മൂന്ന് കാർ പാർക്കിംഗ് സൗകര്യം കെട്ടിടത്തിന് കുറവുണ്ട്.

5) ക്രമ നം. 2 പ്രകാരമുള്ള കടമുറികൾക്ക് ((2.7x5.5)+(3x6.42)) വസ്തു നികുതി നിർണ്ണയിക്കേണ്ടതായി വരുന്നുണ്ട്.

6) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയുടെ 20% നികുതി വർധനവ് വരുത്തേണ്ടതാണ്.

കെട്ടിട ഉടമ സമർപ്പിച്ച, അസി. എഞ്ചിനിയർ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്ക് 5 മീറ്ററിലധികം വീതിയുള്ള പൊതു വഴി സൗകര്യം ലഭ്യമാണ്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള20% നികുതി വർധനവ് കണക്കിലെടുക്കാതെയാണ് വസ്തു നികുതി നിർണയിച്ചതും ഈടാക്കിയതും. ഇത് പ്രകാരം വസ്തു നികുതിയിനത്തിൽ

കെട്ടിടത്തിലെ എല്ലാ കടമുറികളിൽ നിന്നുമായി നിലവിൽ ആകെ ഈടാക്കുന്ന 50882/- രൂപയുടെ 20% തുകയായ 10176 രൂപയും ആയതിനനുസരിച്ചുള്ള ലൈബ്രറി സെസ്സ് തുകയും നഷ്ടം സംഭവിക്കുന്നുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.30/2022-23/15-12-23ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃതമായി കെട്ടിടത്തിൽ മാറ്റങ്ങൾ വരുത്തുന്നത് കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ആയതിനും വസ്തു നികുതി നിർണ്ണയത്തിൽ സംഭവിച്ച അപാകതക്കും വിശദീകരണം ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-19 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിക്കായി 28.05.2022 ലെ 115/2022 ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.13 പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ

| പ്രോജക്റ്റ് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| പഠനമുറി **(156/23)** | 100000<br>(വികസന ഫണ്ട് SCP) | 4/26.12.22 |
| | 50000 | 6/25.1.23 |
| | 75000 | 9/16.2.23 |
| | 75000 | 10/23.2.23 |
| | 75000 | 11/7.3.23 |
| | 75000 | 14/27.3.23 |
| ആകെ | 4,50,000 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പഠനമുറിയുടെ നിർമ്മാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടില്ല.

2. തുക കൈപറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | **ഗുണഭോക്താവ്** | **കൈപറ്റിയ തുക** |
|---|---|---|
| 1 | ആദിത്യ S/o പ്രസാദ്, വാർഡ്1 | 1,25,000 |
| 2 | സരേവർ ശിവ S/o ശകുന്തള , വാർഡ്4 | 1,25,000 |
| | ആകെ | 2,50,000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-15/13.12.2023 ന് നൽകിയ മറുപടിയിൽ പദ്ധതി പൂർത്തികരിച്ച് വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചു. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.ആയത് വരെ ചെലവ് തുക 2,50,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 തുടർ സാക്ഷരത പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ)115/2022/ത.സ്വ.ഭ.വ തിയതി 28.5.22 ഖണ്ഡിക 7.4.5പ്രകാരം തുല്യതാ കോഴ്സ് ഫീ അടവാക്കൽ എന്ന പദ്ധതിക്കായി ഫീസ് അടക്കുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മിസ്ട്രസ് |
| അടങ്കൽ | 1,00,000 |
| പ്രോജക്റ്റ് | തുല്യത (നം.220/23) |
| വൗച്ചർ നമ്പർ | 22200984/28.3.23 |
| ചെലവഴിച്ച തുക | 2,29,250( തനത് ഫണ്ട്) |

| | |
|---|---|
| ആകെ | 2,29,250 |

ഈ പദ്ധതിക്കായി 10,+1 ,+2 ക്ലാസുകളിലെ പഠിതാക്കളുടെ ഫീസ് താഴെ പറയും പ്രകാരം സാക്ഷരതമിഷനിലേക്ക് അടവാക്കിയിട്ടുണ്ട്.

| ക്ലാസ് | പഠിതാക്കളുടെ എണ്ണം | ഫീസ് | ആകെ | സ്ഥാപനം |
|---|---|---|---|---|
| 10 | 61 | 1750 | 106750 | കേരളാ സാക്ഷരതാമിഷൻ |
| +1 | 50 | 2200 | 110000 | കേരളാ ലിറ്ററസി മിഷൻ |
| **കുടുംബശ്രീ മുഖേന രജിസ്റ്റർ ചെയ്തവർ +1** | 5 | 300 | 1500 | കേരളാ ലിറ്ററസി മിഷൻ |
| +2 | 5 | 2200 | 11,000 | കേരളാ ലിറ്ററസി മിഷൻ |
| | | ആകെ | 229250 | |

എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) പഠിതാക്കൾ സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്ത രേഖകൾ ലഭ്യമല്ല.

2)കേരളാ സാക്ഷരതാ മിഷൻ പ്രസ്തുത തുക കൈപറ്റിയതിന്റെ വിവരം ലഭ്യമല്ല

3) പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-17/13.12.23 ന് നൽകിയ മറുപടിയിൽ 10ാം തരത്തിൽ ഇനി 4 പേരും, +1 ൽ 5പേരും ഇനി പരീക്ഷ എഴുതാൻ ബാക്കിയുണ്ട് എന്നും +2 വിൽ മുഴുവൻ പേരും പരീക്ഷ എഴുതിയതായും അറിയിച്ചു. കൈപറ്റ്, പഠിതാക്കൾ സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്ത രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതും രജിസ്റ്റർ ചെയ്ത മുഴുവൻ പഠിതാക്കളും പരീക്ഷ എഴുതി എന്ന് ഉറപ്പ് വരുത്തേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-21 പച്ചക്കറി തൈ വിതരണം -ഞങ്ങളും കൃഷിയിലേക്ക്- പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

മുന്നിയൂർ ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ നിർവഹണം നടത്തിയ പച്ചക്കറി തൈ വിതരണം ഞങ്ങളും കൃഷിയിലേക്ക്- എന്ന പദ്ധതി പ്രകാരം 156500 രൂപ ചെലവഴിച്ച് ഒരു പച്ചക്കറി തൈക്ക് 2.50 രൂപ നിരക്കിൽ കാർഷിക കർമ്മസേന മുന്നിയൂർ എന്ന സ്ഥാപനത്തിൽ നിന്നും 62,600 പച്ചക്കറി തൈകൾ വാങ്ങി താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| **പ്രോജക്റ്റ്** | **ചെലവഴിച്ച തുക** | **ബിൽ നമ്പർ** | **ഇൻവോയ്സ് നമ്പർ** |
|---|---|---|---|

| | | | |
|---|---|---|---|
| **പച്ചക്കറി തൈ വിതരണം ഞങ്ങളും കൃഷിയിലേക്ക്-**<br>**(247/23)** | 156500<br>(വികസന ഫണ്ട് ജനറൽ) | 22150652038201544196/<br>28.3.23 | 1.)010/20.3.23<br>(20000 എണ്ണം)<br>2)011/22.3.23<br>(30000 എണ്ണം)<br>3)012/24.3.23<br>(12600 എണ്ണം) |
| ആകെ | 156500 | | **62,600** |

**ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി**

1).ഈ പദ്ധതിക്കായി കാർഷിക കർമ്മസേന മുന്നിയൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഈ സ്ഥാപനം സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് പച്ചക്കറിതൈ വാങ്ങാൻ അനുവാദമുള്ള സ്ഥാപനമല്ല.

2) പച്ചക്കറി തൈ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ കൈപറ്റ് രേഖ ഭാഗികമായി ഫോട്ടോസ്റ്റാറ്റാണ്. മുഴുവൻ കൈപറ്റ് രേഖകളുടേയും ഒറിജിനൽ ഹാജരാക്കിയിട്ടില്ല.

3). ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4) ആകെ 23600 മുളക് തൈകൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയതിൽ 23462 തൈകൾ മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-18/14.12.2023 ന് മറുപടി നൽകിയിട്ടില്ല. 138 തൈകൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-22 മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ മരുന്ന് വാങ്ങൽ പദ്ധതികൾക്കായി താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | ചെലവഴിച്ച തുക | ബിൽ നമ്പർ / വൗച്ചർ നമ്പർ | പ്രഫോർമ ഇൻവോയ്സ് |
|---|---|---|---|
| പി.എച്ച്.സിക്ക് മരുന്ന് ലാബ് റീഏജന്റ് വാങ്ങൽ (90/23) | 400000 (MG Non Road) | 22150652038600822265/24.11.22 | PRF 2288/16.11.22 (KMCL) |
| | 700000 (MG Non Road) | 22150652038600822258/<br>24.11.22 | PRF 2290/16.11.22 (KMCL) |
| പരിരക്ഷാ പാലിയേറ്റീവ് കെയർ (19/23) | 200000 | 22150652038601050771/10.1.23 | PRF 3585/13.1.23 (KMCL) |
| ആകെ | 13,00,000 | | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 13,00,000 രൂപ KMSCL ന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ

മരുന്ന് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.20/14.12.23 ന് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-23 സ്വകാര്യ പാലിയേറ്റീവ് സ്ഥാപനത്തിന് മരുന്ന് വാങ്ങി നൽകി

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത പ്രൈവറ്റ് പാലിയേറ്റീവുകൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | ചെലവഴിച്ച തുക | ബിൽ നമ്പർ / വൗച്ചർ നമ്പർ | പ്രഫോർമ ഇൻവോയ്സ് |
|---|---|---|---|
| പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത പ്രൈവറ്റ് പാലിയേറ്റീവുകൾക്ക് മരുന്ന് വാങ്ങൽ (190/23) | 200000 (MG Non Road) | 22150652038601072574/20.1.23 | PRF 3493/10.1.23 (KMCL) |
| | 200000 (MG Non Road) | 22150652038601072560/ 20.1.23 | PRF1434/24.9.22 (KMCL) |
| ആകെ | 4,00,000 | | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 5.2 പ്രകാരം മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഖണ്ഡിക 4,5.1 എന്നിവ പ്രകാരം ബാധകമാക്കാൻ കഴിയാത്തതുമായ ഇനങ്ങൾ സർക്കാരിന്റെ അനുമതിയോട് കൂടി മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന് സ്വന്തം പാലിയേറ്റീവ് കെയർ യൂണിറ്റ് നിലവിലുണ്ടായിരിക്കെ ഗ്രാമ പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്വകാര്യ പാലിയേറ്റീവ് സ്ഥാപനത്തിന് സർക്കാർ അനുമതിയില്ലാതെ മരുന്ന് വാങ്ങി നൽകിയത് ക്രമ പ്രകാരമല്ല.

2. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 4,00,000 രൂപ കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.23/14.12.23 ന് മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് തലത്തിൽ പരിരക്ഷാ പദ്ധതി നിർവ്വഹണം നടത്തുന്നുണ്ടെന്നിരിക്കെ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്വകാര്യ പാലിയേറ്റീവ് സ്ഥാപനത്തിന് സർക്കാർ അനുമതിയില്ലാതെ മരുന്ന് വാങ്ങി നൽകിയത് ക്രമ പ്രകാരമല്ല. സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി ചെലവ് ചെയ്തതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 4,00,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 അംഗൻവാടികളിലേക്ക് ബേബി ചെയർ, വാട്ടർ ടാങ്ക് വാങ്ങൽ- നടപടിക്രമം പാലിച്ചില്ല

**ഐ സി ഡി എസ് സൂപ്പർ വൈസർ** നിർവ്വഹണം നടത്തിയ വിവിധ വാങ്ങൽ പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| **അംഗൻവാടികളിലേക്ക് ബേബി ചെയർ (44/23)** | 22000 (വികസന ഫണ്ട് ജനറൽ) | 22150652038500198263/13.6.22 | ഫർണ്ണിച്ചർ വേൾഡ് കോട്ടക്കൽ 0000547/8.3.22 |
| **അംഗൻവാടിക്ക് വാട്ടർ ടാങ്ക് വാങ്ങൽ 45/23** | 99992 MGNR | 22150652038500652500/15.10.22 | **HEADCO EL- 000024/15.9.22** |
| ആകെ | 121992 | | |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത കാണുന്നു.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. എന്നാൽ മേൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 26/22-23/14.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. ചെലവ് തുക 53791/- രൂപ തടസ്സം ചെയ്യുന്നു.

പ്രൊജക്ട് നമ്പർ 25/23 അരീക്കാട്ട് പറമ്പ് മൊട്ടമ്മൽ പ്രദേശത്തെ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ (സ്പിൽ ഓവർ)

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി,

അടങ്കൽ : 60000 തനത് ഫണ്ട്

വൗച്ചർ നമ്പർ : 22200419/28.09.2022 ₹ 53791/-

മേൽ പ്രവൃത്തിക്കായി കെ.എസ്.ഇ.ബി (സെക്ഷൻ തലപ്പാറ) യിൽ തുക അടവാക്കിയിട്ടുണ്ട്.KSEB ക്ക് കൈമാറിയ ഈ തുകയുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 22/23 തീയതി 14.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 53791/- രൂപ തടസ്സം ചെയ്യുന്നു.

## 1-26 എസ്.എസ്.കെ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക 25,00000/- രൂപ തടസ്സം ചെയ്യുന്നു.

പ്രൊജക്ട് : 84/2023 എസ്.എസ്.കെ വിഹിതം അടവാക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : 25,00000/- (വികസന ഫണ്ട് )

BRN: 22150652007700653909/11-10-2022 : 25,00000/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 25,00000/- രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം . തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം, 25,00000/- രൂപ പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല. (പ്രൊജക്ട് ഫയലിലുള്ള 20.06.2023 ലെ എ-1646/23/എസ്.എസ്.കെ നമ്പറിലുള്ള വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ളതല്ല).

മറുപടി/രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/23 തീയതി 07.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 25,00000/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 സി.സി.ടി.വി സ്ഥാപിക്കൽ കാര്യാട് കടവ് - സാങ്കേതികാനുമതി ലഭിച്ചതിന്റെ വിവരം ലഭ്യമല്ല

പ്രൊജക്ട് നമ്പർ : 189/23 സി.സി.ടി.വി സ്ഥാപിക്കൽ കാര്യാട് കടവ്

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി,

| | |
|---|---|
| അടങ്കൽ | : 400000 (തനത് ഫണ്ട്-399340, വികസന ഫണ്ട്-660) |
| വൗച്ചർ നമ്പർ | : 22200945/17.03.2023 ₹ 41827-(തനത് ഫണ്ട്) |

കാര്യാട് കടവ് സി.സി.ടി.വി സ്ഥാപിക്കൽ പ്രവൃത്തിക്കായി പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷൻ, മഞ്ചേരി 31.12.2022 ലെ AEELC-SNOMJRI/18/2022-EAI-PWD കത്ത് പ്രകാരം എസ്റ്റിമേറ്റ് അയക്കുകയും പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിക്കുന്നതിന് സെന്റേജ് ചാർജിനത്തിൽ 41827/- രൂപ അടവാക്കാൻ ആവശ്യപ്പെടുകയും മേൽ വൗച്ചർ പ്രകാരമുള്ള തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ സാങ്കേതിക അനുമതി ലഭിച്ചതിന്റെ വിവരം ലഭ്യമല്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 21/23 തീയതി 14.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 വാട്ടർടാപ്പ്-സംയുക്ത പരിശോധന- തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് 91 വാട്ടർ ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 43892 രൂപ വീതം കേരള വാട്ടർ അതോറിറ്റിയിലേക്ക് അവരുടെ ഡിമാൻഡ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ അടവാക്കി വരുന്നുണ്ട്. വാർഷിക കണക്ക് പ്രകാരം 438920/- വാട്ടർ അതോറിറ്റിക്ക് വെള്ളക്കരയിനത്തിൽ നൽകിയിട്ടുണ്ട് (ഏപ്രിൽ 2022 മുതൽ ജനുവരി 2023 വരെയുള്ള വെള്ളക്കരം. തുടർന്ന് നൽകിയതായി കാണുന്നില്ല.).ഗ്രമ പഞ്ചായത്ത് തെരുവ് കുടിവെള്ള ടാപ്പ് സംയുക്ത പരിശോധന നടത്തുന്നതിനായി 21.10.2020 ലെ എ4-7322/2020 പ്രകാരം ആവശ്യപ്പെട്ടതിന് 27.12.21,28.12.21 തിയതികളിലായി ഗ്രാമ പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി. പഞ്ചായത്തിൽ മുമ്പ് നിലവിലുണ്ടായിരുന്ന 111 ടാപ്പുകളിൽ 20 ടാപ്പുകൾ ഇപ്പോൾ നിലവിലില്ലാത്തതിനാൽ അത്രയും എണ്ണം ലിസ്റ്റിൽ നിന്നും സ്ഥിരമായി ഒഴിവാക്കുന്നതിന് ഡിവിഷണൽ ഓഫീസിൽ അറിയിച്ചിട്ടുണ്ടെന്നും ബാക്കി വരുന്ന പൊതു ടാപ്പുകളിൽ നിലവിൽ 61 ടാപ്പുകൾ മാത്രമാണ് പ്രവർത്തനക്ഷമമായി ഉള്ളതെന്നും 30 ടാപ്പുകൾ നിലവിലെ തകരാർ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്ന പക്ഷം ആകെ 91 എണ്ണം ഉപയോഗപ്രദമാക്കാമെന്നും ഏതൊക്കെയാണ് നില നിർത്തേണ്ടത്/ഒഴിവാക്കേണ്ടത് എന്നത് അറിയിക്കണമെന്നും താല്പര്യപ്പെട്ടു കൊണ്ട് 13.1.2022 ലെ DB2/AEE/PGI/Street Tap/2019(i) നം. കത്തു പ്രകാരം പരപ്പനങ്ങാടി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്തിനു കത്തു നൽകി. ആയതിനു പഞ്ചായത്തിന്റെ 23.8.2022 ലെ എ4-7322/2020 നം. കത്ത് പ്രകാരം "മേൽ സൂചിപ്പിച്ച 30 ടാപുകളിലെ വാർഡ് 1-ൽ പെട്ട 3 ടാപ്പുകൾ സർവീസ് ചെയ്തു പ്രവർത്തനക്ഷമമാക്കാനും, ശേഷിക്കുന്ന 27 എണ്ണം പൂർണമായി നിർത്തലാക്കാനും, (ഭരണ സമിതിയുടെ 23.07.2022 ലെ 16(1) നമ്പർ തീരുമാനം) 1/09/2022 മുതൽ അടവാക്കിയ പ്രതിമാസ ബിൽ തുകകൾ മുൻകാല പ്രാബല്യത്തോടെ ക്രമീകരിച്ച് പ്രവർത്തന ക്ഷമമായതിനു മാത്രമായി തുക നിർണയിച്ചു നല്കുന്നതിനുമായി അറിയിച്ചു കൊണ്ട് മറുപടി നല്കുകയും ചെയ്തു. എന്നാൽ ഇക്കാര്യത്തിൽ നാളിതു വരെ തുടർ നടപടി ഇല്ലാത്തതിനാൽ മുഴുവൻ ടാപ്പുകൾക്കും വാട്ടർ ചാർജ് അടക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. മാത്രമല്ല. 12.2.2023 ൽ ലഭ്യമായ ഡിമാന്റ് നോട്ടീസിൽ നിരക്ക് ക്രമാതീതമായി വർദ്ധിപ്പിച്ചതായും പ്രതിമാസ തുക 1,10,406/- രൂപയാക്കി (ടാപ് ഒന്നിനു പ്രതിമാസം 1213.25 രൂപ നിരക്കിൽ 91 ടാപ്പുകൾക്ക്) അതായത് പ്രതിവർഷം ടാപ് ഒന്നിനു നിലവിൽ ഒടുക്കി വരുന്ന 5788 രൂപയുടെ സ്ഥാനത്ത് 14,559 രൂപ ആക്കി (പ്രതിമാസം 482 നു പകരം 1213.26) ഉയർത്തിയതായും കാണുന്നു. പഞ്ചായത്തിന്റെ 22.02.2023 ലെ 400904/GARC08 /GPO/2023/2250/(1)കത്ത് പ്രകാരം 91 ടാപ്പുകൾക്ക് പ്രതിമാസം 43892/- രൂപ മാത്രമാണ് നാളിതുവരെ അടച്ചുവന്നിരുന്നതെന്നും മേൽ ഡിമാന്റ് നോട്ടീസ് പ്രകാരം ഈ തുക ക്രമാതീതമായി വർദ്ധിപ്പിച്ച് 110406/- രൂപ 28.02.2023 നകം അടവാക്കണമെന്ന് അറിയിപ്പ് ലഭിച്ചിട്ടുള്ളത് ടി വർദ്ധനവ് ഈ ഓഫീസിനെ മുൻകൂട്ടി അറിയിക്കുകയോ വർദ്ധനവ് സംബന്ധിച്ച മറ്റുവിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ലെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ബിൽ പ്രകാരമുള്ള തുക അടവാക്കാൻ നിർവ്വാഹമുള്ളൂ എന്നും ആയത് വരെ പിഴ പലിശ വിടുതൽ ചെയ്യാനും സംയുക്ത പരിശോധന പ്രകാരം 27 ടാപ്പുകൾ ഒഴിവാക്കാൻ ആവശ്യപ്പെട്ടത് നാളിതുവരെ ഒഴിവാക്കിയതായി രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും അറിയിച്ചു. 30.03.2023 ലെ എ4-7322/2020 കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചത് പ്രകാരം സംയുക്ത പരിശോധനയിൽ ഒഴിവാക്കിയ 27 ടാപ്പുകൾ ഒഴിവാക്കി ബിൽ തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കാൻ ആവശ്യപ്പെട്ടെന്ന് അസി.എഞ്ചിനീയർ, വാട്ടർ അതോറിറ്റി, പരപ്പനങ്ങാടിയെ അറിയിച്ചു. ആയതിനും വാട്ടർ അതോറിറ്റി മറുപടി ലഭ്യമാക്കാത്തതിനാൽ ഇതേ ആവശ്യം ഉന്നയിച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് 22.06.2023 ലെ എ4-7322/2020 നമ്പർ പ്രകാരം ബഹു. സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രിക്കും , ചീഫ് എഞ്ചിനീയർ , കേരള വാട്ടർ അതോറിറ്റിക്കും കത്ത് നൽകി. എക്സിക്യൂട്ടീവ് എഞ്ചിനീയർ , പി.എച്ച്.ഡിവിഷന്റെ 01.07.2023 ലെ DB2/GPT/3879/18 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 27 പൊതു ടാപ്പുകൾ വിഛേദിക്കുന്ന പ്രവൃത്തിക്ക് 510000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. 26/07/2023 ലെ 14 നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് തുക അടവാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. തുക അടവാക്കിയത് സംബന്ധിച്ചോ പ്രവൃത്തി നടത്തിയത് സംബന്ധിച്ചോ ഉള്ള തുടർ നടപടികൾ ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ സ്ഥാപനം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും , 1/09/2022 മുതൽ അടവാക്കിയ പ്രതിമാസ ബിൽ തുകകൾ മുൻകാല പ്രാബല്യത്തോടെ ക്രമീകരിച്ച് കിട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 24/23 തീയതി. 14.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-29 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

പ്രൊജക്ട് നമ്പർ : 40/23 സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ

അടങ്കൽ : 306000/-

ചെലവ് : 299650/-

ബിൽ നം. : 221506520077007744627/7-11-2022 ₹299650/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. പ്രോജക്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. ടെണ്ടർ നടപടി ക്രമം പാലിച്ച് ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകളിലായി 461 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യതിന് 650/- നിരക്കിൽ ആകെ ₹299650/- (ഇൻവോയ്സ് നമ്പർ B23/31.08.2022)എം.പവർ ട്രേഡിംഗ് സിസ്റ്റം , ചെമ്മാട് എന്ന സ്ഥാപനത്തിന് അനുവദിച്ചു. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകളിൽ സി.എഫ്.എൽ . ബൾബുകളാണ് തെരുവ് വിളക്കായി ഉപയോഗിക്കുന്നത്. എന്നാൽ വാർഡു മെമ്പർമാരുടെ തെരുവ് വിളക്ക് റിപ്പയർ ചെയ്തു എന്ന സാക്ഷ്യപ്പെടുത്തലുകളിൽ എൽ.ഇ.ഡി. വിളക്കുകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തെരുവ് വിളക്കുകളിൽ എൽ.ഇ.ഡി. ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല.

3. കോൺട്രാക്ടർക്ക് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം, ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ടി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

5. 2022-23 വാർഷികക്കണക്ക പ്രകാരം ഗ്രാമ പഞ്ചായത്ത് തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ തനത് ഫണ്ടിൽ നിന്നും 461958 രൂപ വൈദ്യുതി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, KSEB യുമായി സംയുക്തമായി നടത്തിയ പരിശോധനാ റിപ്പോർട്ട്, തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം/രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/23 തീയതി 14.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 പഞ്ചായത്ത് ഓഫീസ് താത്കാലിക കെട്ടിടത്തിന് വാടക നൽകിയതിന് ടി.ഡി.എസ് (ജി.എസ്.ടി.) ഈടാക്കിയില്ല.

പ്രൊജക്ട് നമ്പർ : 228/23 പഞ്ചായത്ത് കെട്ടിടത്തിന് വാടക നൽകൽ

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി,

അടങ്കൽ : 1430000 (തനത് ഫണ്ട്)

വൗച്ചർ നമ്പർ : 22200934/17.03.2023 ₹ 905583/-

22200968/27.3.2023 ₹ 83850/-

22201002/30.3.2023 ₹ 301861/-

22200997/30.3.2023 ₹ 27950/-

ആകെ : 1319244

ദേശീയപാത 66 ന്റെ വികസനത്തിന്റെ ഭാഗമായി ദേശീയപാത അതോറിറ്റി ഭൂമി ഏറ്റെടുത്തതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം പൊളിച്ച് മാറ്റിയതിനാൽ താത്കാലികമായി ടി പഞ്ചായത്തിലെ 7 ാം വാർഡിലെ ശ്രീ. സി.പി. അബ്ദുള്ള , ആയിശ മൻസിൽ, വെളിമുക്ക് എന്നയാളുടെ ഉടമസ്ഥതയിലുള്ള 7/447-എ (825m$^2$ ) നമ്പർ കെട്ടിടത്തിലേക്ക് മാറുകയും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.11.2022 ലെ DB3/B948/22/CE/LID&EW കത്ത് പ്രകാരം ടി കെട്ടിടത്തിന് പ്രതിമാസ വാടകയായി 93,167/- രൂപ കണക്കാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റ 14.02.2022 ലെ 2(2) ഭരണ സമിതി തീരുമാന പ്രകാരം രണ്ട് വർഷത്തേക്ക് 01.03.2022 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. 2022 ഏപ്രിൽ മുതൽ 2023 ഫെബ്രുവരി വരെയുള്ള വാടക നൽകുന്നതിന് മേൽ വൗച്ചർ പ്രകാരമുള്ള തുക ചെലവഴിച്ചു.

| മാസം | ഇൻവോയ്സ് നമ്പർ | പ്രതിമാസ വാടക | സി.ജി.എസ്.ടി.& എസ്.ജി.എസ്.ടി. | ആദായനികുതി ഈടാക്കി അടവാക്കിയത് 10% |
|---|---|---|---|---|
| 2022 ഏപ്രിൽ | T218/20.02.23 ₹ 109937/- | 93167 | 16770 | |

| | | | | |
|---|---|---|---|---|
| മെയ് | T219/20.02.23-109937/- | 93167 | 16770 | |
| ജൂൺ | T2220/20.02.23-109937/- | 93167 | 16770 | |
| ജൂലൈ | T221/20.02.23 109937/- | 93167 | 16770 | |
| ആഗസ്റ്റ് | T222/20.02.23-109937/- | 93167 | 16770 | |
| സെപ്റ്റംബർ | T223/20.02.23-109937/- | 93167 | 16770 | |
| ഒക്ടോബർ | T224/20.02.23-109937/- | 93167 | 16770 | |
| നവംബർ | T225/20.02.23-109937/- | 93167 | 16770 | |
| ഡിസംബർ | T247/18.03.23-109937/- | 93167 | 16770 | |
| ജനുവരി | T248/18.03.23-109937/- | 93167 | 16770 | |
| ഫെബ്രുവരി | T249/18.03.23-109937/- | 93167 | 16770 | |
| ആകെ | 1209307 | 1024837 | 184470 | 111800/- |

1. 2017 ലെ CGST Act വകുപ്പ് 51(1), 2017 ലെ SGST Act വകുപ്പ് 51(1) പ്രകാരം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടേയോ സേവനങ്ങളുടേയോ രണ്ടിന്റേയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക വീതം കുറവ് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ CGST, SGST ഇനത്തിൽ 1% തുക വീതം ആകെ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്യാതെയാണ് മേൽ ഇൻവോയ്സ് പ്രകാരമുള്ള തുക അനുവദിച്ചത്. ടി.ഡി.എസ്. ഈ ഇനത്തിൽ 20497/- രൂപ കുറവ് ചെയ്യാതെ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (GSTIN/UIN: 32ABUPC7151R1Z3, CP Abdulla, Palakkal, Velimukku)

2. നിലവിൽ പഞ്ചായത്ത് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിൽ വാടകയിനത്തിൽ ഭീമമായ സംഖ്യ ചെലവഴിക്കേണ്ടി വരുന്നുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 8.2.2020 ലെ എ2-520/21 പ്രകാരം പത്ര പരസ്യം നൽകിയത് പ്രകാരം തലപ്പാറ എന്ന സ്ഥലത്ത് 684/1 സർവ്വേ നമ്പരിലുള്ള ശ്രീ.അഹമ്മദ് കോയ എന്ന വ്യക്തിയുടെ 50 സെന്റ് സ്ഥലം ലഭ്യമായത് അക്വയർ ചെയ്യുന്നതിന് ഭരണ സമിതിയുടെ 6.6.2022 ലെ 20ം നമ്പർ തീരുമാന പ്രകാരം 9.06.2022 ലെ A4-274/2022 നമ്പർ കത്ത് പ്രകാരം ഉചിതമാർഗ്ഗേന പഞ്ചായത്ത് ഡയറക്ടർക്ക് അനുബന്ധ രേഖകൾ സഹിതം അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല. കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന്റെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ്.

